11

ക്ലെയിമുകൾ

അദ്ധ്യായ ഉള്ളടക്കങ്ങൾ	സിലബസ് പഠന ഫലങ്ങൾ
എ സാധുവായ ഒരു ക്ലെയിമിനായുള്ള ആവശ്യകതകൾ	11.1
ബി ഒരു ക്ലെയിം അസാധുവാകാനുള്ള കാരണമെന്ത്	11.2
സി മരണശേഷം പ്രാമാണികമായ തെളിവ് ലഭിച്ചശേഷമുള്ള കടമകൾ	11.3, 11.4
ഡി ക്ലെയിമുകൾ ഒത്തുതീർപ്പാക്കുക	11.5
ഇ വഞ്ചനാപരമായ ക്ലെയിമുകൾ	11.6, 11.7
എഫ് റദ്ദായതും റദ്ദാകാവുന്നതുമായ ക്ലെയിമുകൾ	11.8

പഠന ലക്ഷ്യങ്ങൾ

ഈ അദ്ധ്യായം പഠിച്ചതിനുശേഷം നിങ്ങൾക്ക് ചെയ്യാന് സാധിക്കുന്നവ:

- ഒരു ക്ലെയിം നിർവചിക്കുക;
- വ്യത്യസ്തതരം ക്ലെയിമുകൾ തിരിച്ചറിയുക;
- സാധുവായ ഒരു ക്ലെയിമിന്റെ ആവശ്യകതകള് ചർച്ച ചെയ്യുക;
- അസാധുവായ ക്ലെയിമുകൾ തിരിച്ചറിയുക;
- ഒരു മരണ ക്ലെയിം ഒത്തുതീർപ്പാക്കാന് സമർപ്പിക്കേണ്ട പ്രമാണങ്ങള് പട്ടികപ്പെടുത്തുക;
- അകാലത്തിലുള്ള മരണ ക്ലെയിമുകൾ വിശദീകരിക്കുക;

- മേച്യൂരിറ്റി, അതിജീവനം കൂടാതെ മരണ ക്ലെയിമുകള് ഒത്തുതീർപ്പാക്കാനുള്ള പ്രക്രിയ വിശദീകരിക്കുക;
- ക്ലെയിമുകൾ ഒത്തുതീർപ്പാക്കാനുള്ള ഐആർഡിഎയുടെ മാർഗ്ഗനിർദ്ദേശങ്ങള് ഓർമ്മിക്കുക;
- വഞ്ചനാപരമായ ഒരു ക്ലെയിം ഒത്തുതീർപ്പാക്കുന്നതിലെ അനന്തരഫലങ്ങള് പ്രസ്താവിക്കുക;
- റദ്ദായതും റദ്ദാക്കാവുന്നതുമായ കരാറുകൾ വേർതിരിച്ചറിയുക,
- ലൈഫ് ഇൻഷുറൻസിലെ തർക്കരഹിതമായ നിബന്ധന വിശദീകരിക്കുക.

ആമുഖം

ഒരു ലൈഫ് ഇൻഷുറൻസ് വാങ്ങാനുള്ള തീരുമാനമെടുക്കുമ്പോള്, കക്ഷികൾ ഒരുപാട് കാര്യങ്ങള് ആലോചിക്കും. അവയിൽ ചിലത്:

- ഉൽപന്നത്തിന്റെ വില;
- ഉൽപന്നത്തിന്റെ പ്രത്യേകതകള്;
- മറ്റ് ഇൻഷുറൻസ് കൂടാതെ നിക്ഷേപാടിസ്ഥാനത്തിലുള്ള ഉൽപന്നങ്ങളെക്കാള് താരതമ്യേന ഈ ഉൽപന്നം നൽകാവുന്ന വരുമാനം;
- പ്ലാൻ കാലാവധി, പ്രീമിയം പേയ്മെന്റുകൾ, ലായക്ത്വം മുതലായവയിലെ അയവ്;
- ഉൽപന്നം വാഗ്ദാനം ചെയ്യുന്ന നികുതി ആനുകൂല്യങ്ങള്; കൂടാതെ
- കമ്പനി ലഭ്യമാക്കുന്ന ഉപഭോക്തൃ സേവനം.

ഈ ഘടകങ്ങളെല്ലാം തന്നെ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നുണ്ട്, പക്ഷെ വളരെ പ്രധാനപ്പെട്ട ഒരു ഘടകം, അതും വളരെ കുറച്ച് ആളുകൾ മാത്രം ശ്രദ്ധിക്കുന്ന കാര്യം, എങ്ങനെയാണ് ഇൻഷുറൻസ് കമ്പനി ക്ലെയിമുകള് ഒത്തുതീർപ്പാക്കുന്നത്. പോളിസി ഉടമയുടെ ജീവിതകാലത്ത് ഇൻഷുറൻസ് ഉൽപന്നം എത്ര നല്ലതായിരുന്നു, നോമിനി/ബെനിഫിഷ്യറി/അസൈനി എന്നിവർക്ക് ക്ലെയിം തുക അനായാസമായി ലഭിച്ചുവോ? ഒരു ഇൻഷുറൻസ് കമ്പനിയുടെയും ഇൻഷുറൻസ് വ്യവസ്ഥകളുടെയും യഥാർത്ഥ പരീക്ഷണം അവ ക്ലെയിമാകുമ്പൊഴാണ് സംഭവിക്കുന്നത്. ആളുകൾ ഇൻഷുറൻസ് എടുക്കുന്നത് അവര് ദൌർഭാഗ്യങ്ങളേക്കുറിച്ച് വ്യാകുലപ്പെടുന്നതിനാലാണ്. ആത്യന്തികമായി, മിക്കവാറും വ്യക്തികൾ, ഇൻഷുറൻസിന്റെ 'മൂല്യം' വിലയിരുത്തുന്നത് അവരുടെ ക്ലെയിം എങ്ങനെ കൈകാര്യം ചെയ്യപ്പെടുന്നതിലാണ്.

ക്ലെയിം ഒത്തുതീർപ്പാക്കാന് ഐആർഡിഎ വിശാലമായ മാർഗ്ഗനിർദ്ദേശങ്ങള് സൃഷ്ടിച്ചിരിക്കെത്തന്നെ, ക്ലെയിമുകൾ കൈകാര്യം ചെയ്യുന്നതും അവയ്ക്ക് പ്രതികരിക്കുന്നതും പരിഹാരമുണ്ടാക്കുന്നതും ഓരോ കമ്പനികളും അവയുടെ കൈകാര്യം ചെയ്യുന്ന ജീവനക്കാരുമാണ്. ക്ലെയിം ഒത്തുതീർപ്പ് അനുപാതം (100 ക്ലെയിമുകള് ഉണ്ടാകുന്നതില്

എത്രയെണ്ണം ഒത്തുതീർപ്പാക്കി) ഇൻഷുറൻസ് കമ്പനിയെ മനസ്സിലാക്കാനുള്ള മറ്റൊരു മാനദണ്ഡമാണ്. അതിനാൽ തന്നെ ക്ലെയിമുകള് തീർപ്പാക്കുന്നത് വളരെയേറെ പ്രാധാന്യമുള്ള ഒരു കാര്യമാണ്.

ഈ അദ്ധ്യായത്തിൽ, ഒരു ഇൻഷുറൻസ് ഏജന്റ് എന്ന നിലയിൽ, നിങ്ങൾ ക്ലെയിമുകളെക്കുറിച്ച് വളരെയേറെ പഠിക്കും, അവയുടെ തരങ്ങളും ഒത്തുതീർപ്പും. നിങ്ങൾ സാധുവായതും അസാധുവായതുമായ ക്ലെയിമുകളെക്കുറിച്ചും പഠിക്കുകയും നിങ്ങളുടെ ഒരു കക്ഷിയുടെ പോളിസി ക്ലെയിമായാല് എന്ത് ചെയ്യണമെന്നും പഠിക്കും.

പ്രധാന വാക്കുകൾ			
ഈ അദ്ധ്യായം താഴെക്കാണുന്ന വാക്കുകളുടെയും ആശയങ്ങളുടെയും വിശദീകരണങ്ങളാണ്:			
ക്ലെയിം	മെച്യൂരിറ്റി ക്ലെയിമുകൾ	അതിജീവന ആനുകൂല്യ പേയ്മെന്റുകള്	മരണ ക്ലെയിമുകൾ
സാധുവായ ക്ലെയിം	പോളിസി ഫലത്തിലില്ല	പോളിസി വ്യവസ്ഥയുടെ ലംഘനം	വഞ്ചനാപരമായ ക്ലെയിം
ക്ലെയിം പ്രമാണങ്ങള്	അകാലത്തിലുള്ള മരണ ക്ലെയിം	മരണമെന്ന് തോന്നൽ	റദ്ദായ കരാറുകൾ
റദ്ദായേക്കാവുന്ന കരാറുകൾ	തർക്കരഹിതമായ കരാറുകൾ	അവകാശമുന്നയിക്കുന്നയാളുടെ പ്രസ്താവന	റൈഡർ ആനുകൂല്യങ്ങൾ

പ്രീമിയത്തിന്റെ വരുമാനം (ആർഒപി) ടെർമിനല് ബോണസ്സ്

എ സാധുവായ ഒരു ക്ലെയിമിനുവേണ്ട ആവശ്യകതകൾ

സാധുവായ ക്ലെയിമിനുവേണ്ട ആവശ്യങ്ങൾ ചര്ച്ച ചെയ്യുന്നതിനുമുമ്പ് എന്താണ് ക്ലെയിം എന്നും വ്യത്യസ്തതരം ക്ലെയിമുകൾ എന്ത് എന്ന് നമുക്ക് നോക്കാം.

എ1 എന്താണ് ഒരു ക്ലെയിം?

ഇൻഷുറര് കരാറില് വാഗ്ദാനം ചെയ്തിട്ടുള്ള കാര്യം ആവശ്യപ്പെടുകയാണ് ഒരു ക്ലെയിം ചെയ്യുന്നത്. ഇൻഷുറർക്ക് ഈ ക്ലെയിം കരാറിന്റെ ഭാഗമായി ഒത്തുതീർക്കേണ്ടിവരും, അത് സ്വയം തൃപ്തിപ്പെട്ടതിനുശേഷവും, ക്ലെയിം നിബന്ധനകൾക്കും വ്യവസ്ഥകൾക്കും യോജിച്ചതാണ് എന്ന് ഉറപ്പുവരുത്തിയതിന് ശേഷമായിരിക്കും ഒത്തുതീർപ്പാക്കുക.

ഈ വിഭാഗത്തിൽ നമ്മള് സാധാരണയായി കാണാറുള്ള മൂന്ന് പ്രധാന ക്ലെയിമുകളെക്കുറിച്ച് - **മെച്യൂരിറ്റി ക്ലെയിമുകൾ, മരണ ക്ലെയിമുകൾ, കൂടാതെ റൈഡർ ആനുകൂല്യങ്ങള്** - പരിശോധിക്കും.

എ2 മെച്യൂരിറ്റി ക്ലെയിമുകൾ

എന്റോവ്മെന്റ് പ്ലാനുകളും, ഹോൾ ലൈഫ് പ്ലാനുകളും പോലുള്ള ചില ലൈഫ് ഇൻഷുറൻസ് പ്ലാനുകള്, പ്ലാനുകളുടെ അവസാനം ഇൻഷ്വേർഡിന് അവർ മൊത്തം കാലവും ജീവിച്ചിരിക്കുകയാണെങ്കിൽ, ഒരു നിശ്ചിത തുക നൽകാമെന്ന് സത്യം ചെയ്യുന്നു. ഇതിനെയാണ് **മെച്യൂരിറ്റി ആനുകൂല്യ** തുക എന്നോ **മേച്യൂരിറ്റി ക്ലെയിം** തുക എന്നോ പറയുന്നത്. മെച്യൂരിറ്റിയാകുമ്പോൾ നൽകേണ്ട സം ഇൻഷ്വേർഡും അധികം ആർജ്ജിച്ച ബോണസ്സുവല്ലതുമുണ്ടെങ്കില് അത് കുറച്ച് അതില് എന്തെങ്കിലും ഔട്ട്സ്റ്റാന്റിംഗ് പ്രീമിയമുകളോ പലിശകളോ ശേഷം ഉണ്ടെങ്കിൽ അതും.
ചില കേസുകളിൽ പ്ലാനിന്റെ കാലാവധി പൂർത്തിയാക്കിയ പ്രീമിയങ്ങള് മെച്യൂരിറ്റിയിലേയ്ക്ക് തിരിച്ചെത്തുന്നു. ഈ പ്ലാനുകളെ ചില ഇൻഷുറർമാര് **'തിരിച്ചെത്തുന്ന പ്രീമിയം' (ആർഒപി)** എന്ന് വിളിക്കുന്നു.

ഉദാഹരണം

അജയ് 30 വർഷത്തേയ്ക്കുള്ള ഒരു പങ്കാളിത്ത എന്റോവ്മെന്റ് പ്ലാന് 25 ലക്ഷം രൂപയുടെ സം ഇൻഷ്വേർഡായി എടുത്തു. പോളിസി വ്യവസ്ഥകൾ പ്രകാരം, അജയ് ഈ പ്ലാനിന്റെ അവസാനമായ 30 വർഷം വരെ ജീവിച്ചിരിരിക്കുകയാണെങ്കിൽ, ഇൻഷുറൻസ് കമ്പനി അജയ്ക്ക് 25 ലക്ഷം രൂപയായ മെച്യൂരിറ്റി തുകയും കൂടാതെ ആർജ്ജിത ബോണസ്സും (വല്ലതും ഉണ്ടെങ്കിൽ) നൽകുന്നു.

മെച്യൂരിറ്റിയാകുമ്പോൾ ഇൻഷുറൻസ് കമ്പനി, അജയ്ക്ക് ഒറ്റ സമയ ടെർമിനല് ബോണസ്സ് അധികമായി ആട്ജ്ജിത ബോണസ്സിനൊപ്പം നൽകുകയും അത് ഒരു വർഷത്തിനകം പ്രഖ്യാപിക്കപ്പെടുകയും ചെയ്യും. ഈ ബോണസ്സ് നൽകുന്നത്, പോളിസി ഉടമകളെ കാലാവധി മുഴുവന് പൂർത്തിയാക്കുവാന് പ്രോത്സാഹിപ്പിക്കാനാണ്.

ടെർമിനല് ബോണസ്സ് അവസാന അധിക ബോണസ്സ് (എഫ്എബി) എന്നും ലോയൽറ്റി അല്ലെങ്കില് പെഴ്സിസ്റ്റൻസി ബോണസ്സ് എന്നും അറിയപ്പെടുന്നു. ഇത് പോളിസിയുടെ ആരംഭത്തിൽ ഇൻഷുറൻസ് കമ്പനിയുടെ തീരുമാനമാണ്, പക്ഷെ ഭാവി കാര്യങ്ങൾ തീരുമാനിക്കപ്പെടുന്നത് കമ്പനിയുടെ സാമ്പത്തിക സ്ഥിതി എന്ത് എന്നതിനെ ആസ്പദമാക്കിയാണ്. സാധാരണയായി വ്യക്തമാക്കിയ കാലത്തേയ്ക്കുള്ള പ്രീമിയമാണ് അടയ്ക്കുന്നത് (സാധാരണ കുറഞ്ഞത് 15 വർഷം).

യൂലിപ്പുകളുടെ കാര്യത്തിൽ, മെച്യൂരിറ്റി ക്ലെയിമായി ഇൻഷുറൻസ് കമ്പനി മുഴുവൻ മൂല്യവും (ചില കേസുകളിൽ ഫണ്ട് മൂല്യവും സം ഇൻഷ്വേർഡും) നൽകുന്നു, അത് പോളിസി കാലവധിയുടെ അവസാനം അല്ലെങ്കിൽ ഒരു മണി ബാക്ക് പൊളിസിയാണെങ്കിൽ, പോളിസി കാലാവധിയിൽ ലഭിച്ച അതിജീവന ആനുകൂല്യങ്ങള് കുറയ്ക്കണം.

എ2എ അതിജീവന ആനുകൂല്യ പേയ്മെന്റുകള്

മണി ബാക്ക് പോളിസികൾക്ക് ഇൻഷുറൻസ് കമ്പനി പോളിസിയുടെ നിശ്ചിത സമയങ്ങളിൽ നിശ്ചിത തുക നൽകുന്നു. ഈ പേയ്മെന്റുകളെയാണ് **അതിജീവന ആനുകൂല്യങ്ങൾ** എന്നു പറയുന്നത്.

ഉദാഹരണം

20 വർഷത്തേയ്ക്കുള്ള ഒരു മണി ബാക്ക് പോളിസി അജയ് 20 ലക്ഷം രൂപയ്ക്ക് വാങ്ങി. അതിന് എല്ലാ അഞ്ച് വർഷം കൂടുമ്പോഴും 25% അതിജീവന ആനുകൂല്യമായി നൽകാമെന്ന് ഇൻഷുറൻസ് കമ്പനി ഉറപ്പു നൽകുന്നു. അതുപ്രകാരം ഇൻഷുറൻസ് കമ്പനി അജയ്ക്ക് 5, 10, 15, 20 എന്നി വർഷങ്ങളുടെ അവസാനം 5 ലക്ഷം രൂപ വീതം അതിജീവന ആനുകൂല്യമായി നൽകുന്നതാണ്. പോളിസി ഒരു പങ്കാളിത്ത പോളിസിയാണെങ്കിൽ 20 വർഷം പൂർത്തിയാകുമ്പോള് ഇൻഷുറൻസ് കമ്പനി അവസാന പേയ്മെന്റിനൊപ്പം ആർജ്ജിത ബോണസ്സ് കൂടി നൽകും.

ഇത് പരിഗണിക്കൂ

അതിജീവന ആനുകൂല്യം മെച്യൂരിറ്റി ക്ലേയിമില് നിന്ന് വ്യത്യസ്തമായിരിക്കുന്നതെങ്ങനെ? രണ്ട് ക്ലെയിമുകളും ഉണ്ടാകുന്ന ചില തരം പോളിസ്കൾക്ക് ഉദാഹരണം കണ്ടെത്തുക.

എ2ബി കുറച്ച സം ഇൻഷ്വേർഡ് (പേയ്ഡപ്പ് മൂല്യം)

പോളിസി സമയത്ത് ചിലപ്പോൾ പോളിസി ഉടമയ്ക്ക് സാമ്പത്തികമായ പ്രതിസന്ധികള് ഉണ്ടായെന്നുവരാം, അപ്പോൾ പ്രീമിയം അടയ്ക്കാന് സാധിക്കാതെ വരാം. അത്തരം സമയങ്ങളിൽ പോളിസി അടിയറവ് വെക്കാതെ, അതിനെ ഒരു പെയ്ഡപ്പ് പോളിസിയാക്കി മാറ്റാനുള്ള അവസരം പോളിസി ഉടമയ്ക്കുണ്ട്. അത്തരം പോളിസികൾ മെച്യൂറാകുമ്പോൾ, ആനുപാതികമായ സം ഇൻഷ്വേർഡ് ഇൻഷുറൻസ് കമ്പനി നൽകുന്നു.

എ2സി ഇളവ് നൽകിയ ക്ലെയിമുകള്

മെച്യൂരിറ്റി തീയതിയ്ക്ക് ഒരു വർഷത്തിനകം മാത്രം നടപ്പിലാക്കാവുന്ന ഓപ്ഷനാണ് ഇളവ് നൽകിയ ക്ലെയിമുകള്.

എ2ഡി തവണകളുടെ കമ്മ്യൂട്ടേഷൻ

ആന്യുറ്റി പ്ലാനുകൾക്ക്, സ്ഥിരമായ/കാലാവധി ആന്യുറ്റി പേയ്മെന്റുകള് സ്വീകരിക്കുന്നതിനുമുമ്പ്, വ്യക്തിയ്ക്ക് ലംപ് സം പിൻവലിക്കാം. ഇതാണ് കമ്മ്യൂട്ടേഷൻ എന്നറിയപ്പെടുന്നത്. ആർജ്ജിത ഫണ്ടിന്റെ മൂന്നിലൊന്ന് പിൻവലിക്കാന് ഇൻഷുറൻസ് കമ്പനികള് വ്യക്തികളെ അനുവദിക്കാറുണ്ട്. ബാക്കി മൂന്നിൽ രണ്ട് ഭാഗം വ്യക്തിയ്ക്ക് ആന്യുറ്റി പ്ലാനുകള് വാങ്ങാനായി ഉപയോഗിക്കണം.

എ2ഇ റദ്ദാക്കലിന്റെ സമയത്തുള്ള ആന്യുറ്റി പേയ്മെന്റുകള്

ആന്യുറ്റികളുടെ കാര്യത്തില്, റദ്ദാക്കുകയാണെങ്കിൽ സ്ഥിരം ആന്യുറ്റി പേയ്മെന്റുകള് ഇൻഷുറൻസ് കമ്പനി ആന്യൂറ്റന്റിന് ലഭ്യമാക്കിത്തുടങ്ങുന്നു. ആന്യൂറ്റന്റിന് പ്ലാനിന്റെ കാലാവധിയും വ്യവസ്ഥകളുമനുസരിച്ച് മാസ, കാൽവാർഷിക, അർദ്ധ-വാർഷിക, വാർഷിക പേയ്മെന്റുകളായിരിക്കും നടത്തുക.

എ3 മരണ ക്ലെയിം

പ്ലാന് കാലാവധിയില് മരണ ക്ലെയിമുണ്ടാകുമ്പോള് സം ഇൻഷോേർഡ്, നോമിനിയ്ക്കോ/ബെനിഫിഷ്യറിയ്ക്കോ നൽകും. മുഴുവൻ ജീവിതകാലത്തേയ്ക്കുള്ള പ്ലാനുകളിൽ, മരണം എപ്പോഴാണ് സംഭവിക്കുന്നത് എന്നത് ബാധിക്കാതെ തന്നെ ആനുകൂല്യങ്ങള് നൽകുന്നു, അതായത് അതിൽ തീരുമാനിച്ചുറച്ച കാലഗണനയില്ല. ഒരു പങ്കാളിത്ത പോളിസി ആണെങ്കിൽ, അതുവരെയുള്ള ആർജ്ജിത ബോണസ്സും നൽകും. പോളിസി ഉടമ ലോണുകൾ വല്ലതും എടുത്തിട്ടുണ്ടെങ്കിൽ, ലോണിന്റെ ബാക്കിയുള്ള തുക, പലിശ കൂടാതെ ബാക്കിയുള്ള പ്രീമിയം എന്നിവ അവസാനമായി നൽകുന്ന തുകയില് നിന്ന് കുറയ്ക്കുന്നു.

ഉദാഹരണം

25 വർഷ്ത്തേയ്ക്കുള്ള 25 ലക്ഷം സം ഇൻഷോേർഡുള്ള ഇൻഷുറൻസ് പ്ലാൻ അജയ് വാങ്ങി. പോളിസിയുടെ 13 ആം വർഷം അജയ് മരിക്കുന്നു. ഈ കേസിൽ ഇൻഷുറൻസ് കമ്പനി അജയുടെ നോമിനി/ബെനിഫിഷ്യറിയ്ക്ക് മരണ ക്ലെയിമായ 25 ലക്ഷം രൂപയും നൽകുന്നു.

ബോധവാനായിരിക്കുക

ഒരു യൂലിപ്പിന്റെ കാര്യത്തിൽ, ഇൻഷോേർഡ് മരിക്കുകയാണെങ്കിൽ, ഫണ്ട് മൂല്യത്തെക്കാൾ (അല്ലെങ്കിൽ ചില ഇൻഷുറൻസ് കമ്പനികളുടെ കാര്യത്തിൽ ഫണ്ട് മൂല്യവും സം ഇൻഷോേർഡും പോളിസി വ്യവസ്ഥകള് പ്രകാരം നൽകുന്നു). ഉയർന്ന സം ഇൻഷോേർഡ് ഇൻഷുറൻസ് കമ്പനി നൽകുന്നു.

ചില പോളിസികളുണ്ട്, അവയിൽ മരണമുണ്ടാകുമ്പോള് ആനുകൂല്യം നൽകുന്നില്ല, മറിച്ച് പോളിസി എടുക്കുമ്പോൾ ഉടമ തീരുമാനിച്ച പ്രകാരം ഒരു നിശ്ചിത തീയതിയ്ക്ക് അത് നൽകുന്നു. ഉദാഹരണത്തിന്, ലംപ് സം തുക മകളുടെ വിവാഹത്തിനോ അല്ലെങ്കിൽ മകന്റെ ഉന്നതവിദ്യാഭ്യാസത്തിനോ ആയി നീക്കിവെച്ചിട്ടുള്ളതാണെങ്കിൽ, തുക മരണ സമയത്ത് നൽകുകയില്ല, എന്നുമാത്രമല്ല വ്യക്തമാക്കിയിട്ടുള്ള സമയത്തിന് നൽകാവുന്നതുമാണ്, ഉദാഹരണത്തിന്:

- മകന്/മകൾ 18 അല്ലെങ്കിൽ 21 വയസ്സ് പൂർത്തിയാക്കുമ്പോള്.

ഇത് നിർദ്ദേശകന് തന്നെ തിരഞ്ഞെടുത്ത പോളിസിയുടെ വ്യവസ്ഥകളനുസരിച്ചുള്ള കാര്യമാണ്.

എ4 റൈഡർ ആനുകൂല്യം

ഒരു റൈഡറിനു കീഴിൽ ഇൻഷുറൻസ് കമ്പനി ഒരു പേയ്മെന്റ് നടത്തുന്നത് വ്യക്തമാക്കിയിട്ടുള്ള നിബന്ധനകൾക്കും വ്യവസ്ഥകൾക്കും അടിസ്ഥാനമായാണ്. ഉദാഹരണത്തിന്:

- **അപകട മരണാനുകൂല്യ**ത്തിനു (എഡിബി) കീഴിൽ റൈഡർ കൂടി ഉണ്ടായിരിക്കെ മരണം സംഭവിക്കുകയാണെങ്കിൽ, റൈഡറിൽ അധികമായുള്ള സം ഇൻഷേർഡും നൽകുന്നു;
- **ഗുരുതരമായ രോഗ (സിഐ)** റൈഡറിന് കീഴിൽ ഗുരുതരമായ രോഗം കണ്ടെത്തിയാൽ, ഒരു നിശ്ചിത തുക നിബന്ധനകൾക്കും വ്യവസ്ഥകൾക്കും അനുസരിച്ച് നൽകുന്നു. രോഗം ഇൻഷുറൻസ് കമ്പനി വ്യക്തമാക്കിയിട്ടുള്ള പട്ടികയിൽ ഉണ്ടായിരിക്കണം (ഇൻഷുറര് മാറുന്നതിനനുസരിച്ച് പട്ടികയും മാറാം);
- **'ആശുപത്രി പരിരക്ഷ'** റൈഡറിന് കീഴില് ഇൻഷേർഡിന് ആശുപത്രി പ്രവേശനത്തിൽ റൈഡറിന്റെ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും അനുസൃതമായി ചികിത്സാ ചിലവുകൾ നൽകുന്നു.

റൈഡറുകളെക്കുറിച്ചുള്ള നിങ്ങളുടെ അറിവ് പുതുക്കാൻ അദ്ധ്യായം 7 ലെ, വിഭാഗം ബി3 കാണുക.

എ5 സാധുവായ ക്ലെയിം

ക്ലെയിമിനെക്കുറിച്ചുള്ള ഒരു അറിയിപ്പ് കമ്പനിയ്ക്ക് ലഭിച്ചാൽ, പേയ്മെന്റ് നടത്തുന്നതിന് മുമ്പ് ക്ലെയിം സാധുവായതാണ് എന്ന് ഉറപ്പുവരുത്തണം. താഴെപ്പറയുന്ന കാര്യങ്ങൾ പരിശോധിച്ചാണ് കമ്പനി ഇക്കാര്യം ചെയ്യുക:

• സംഭവം നടന്നപ്പോൾ ഇൻഷുറൻസ് പോളിസി നിലവിലുണ്ടായിരുന്നോ?
• ഇൻഷേർഡ് ചെയ്ത കാര്യം സംഭവിച്ചുവോ?
• അസൽ പോളിസി പ്രമാണം, പൂർത്തിയാക്കിയ ക്ലെയിം ഫോം കൂടാതെ അത്യാവശ്യമായ മറ്റെല്ലാ പ്രമാണങ്ങളും സമർപ്പിച്ചുവോ?

- പോളിസിയ്ക്ക് പ്രസക്തമായ വയസ്സ്, മറ്റ് വസ്തുതാപരമായ വിവരങ്ങൾ എന്നിവയെല്ലാം പ്രവേശനസമയത്ത് നടത്തിയിരുന്നോ? ക്ലെയിം ഒത്തുതീർപ്പാക്കുന്ന പ്രക്രിയയ്ക്കിടെ ഇൻഷുറൻസ് കമ്പനി മേൽപ്പറഞ്ഞ കാര്യങ്ങളെല്ലാം അന്വേഷിക്കും.

ഉദാഹരണം

ഇൻഷുറൻസ് കമ്പനി പോളിസി ഉടമയുടെ ശരിയായ വയസ്സ് പിന്തുണയ്ക്കുന്ന പ്രമാണങ്ങളോടൊത്ത് സമർപ്പിച്ചുവോ എന്ന് പരിശോധിക്കുക. അകാലത്തിലുള്ള മരണം (പോളിസി വാങ്ങിയതിനു ശേഷം 2 മുതല് 3 വർഷത്തിനകം അല്ലെങ്കില് പോളിസി പുതുക്കിയ ഉടനെ) സംഭവിക്കുകയാണെങ്കിൽ, ഇൻഷ്വേർഡ് എതെങ്കിലും വസ്തുതകള് മറച്ചുവെച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുക, ഉദാഹരണത്തിന്, ആരോഗ്യപരമായ പ്രശ്നങ്ങൾ, മുമ്പ് നിലനിന്നിരുന്ന രോഗങ്ങള് എന്നിവ മെച്ചപ്പെട്ട ഇൻഷുറൻസ് വ്യവസ്ഥകള് ലഭിക്കാനായി മറച്ചുവെച്ചിട്ടുണ്ടൊ എന്ന് വസ്തുതാപരമായി (വസ്തുതാപരമായ കാര്യങ്ങളെക്കുറിച്ച് നിങ്ങളുടെ അറിവ് പുതുക്കാൻ അദ്ധ്യായം 3 ന്റെ ഭാഗം 1 പരിശോധിക്കുക) പരിശോധിക്കും.

- ക്ലെയിം ആവശ്യം ഉയർന്നത് ശരിയായ വ്യക്തിയില് നിന്നാണോ, അതായത് തുക സ്വീകരിക്കേണ്ട വ്യക്തി(കൾ) തന്നെയാണൊ? ഇത് നോമിനിയോ, നിയമപരമായ പ്രതിനിധിയോ അല്ലെങ്കിൽ അസൈനി മുതലായവരാകാം.
- ക്ലെയിം സാധുവാകാൻ ഔദ്യോഗികമായ നടപടിക്രമങ്ങളെല്ലാം പൂർത്തിയാക്കിയിരിക്കണം, അത് ചെയ്തിട്ടുണ്ടോ?

നിർദ്ദിഷ്ട പ്രവർത്തനം

ലൈഫ് ഇൻഷുറൻസ് കമ്പനിയ്ക്ക് ക്ലെയിം സമർപ്പിച്ചിട്ടുള്ള നിങ്ങളുടെ സുഹൃത്തുക്കളെയോ ബന്ധുക്കളെയോ കണ്ടെത്തുക. ക്ലെയിം നടപടിക്രമങ്ങളെക്കുറിച്ചും ക്ലെയിം ഒത്തുതീർപ്പാക്കാന് സമർപ്പിക്കേണ്ട പ്രമാണങ്ങളെക്കുറിച്ചും ചോദിച്ചറിയുക.

ചോദ്യം 11.1

ഏതോക്കെയാണ് പ്രധാനപ്പെട്ട മൂന്ന് ക്ലെയിം തരങ്ങൾ?

ബി ഒരു ക്ലെയിം അസാധുവാകുന്നതെങ്ങനെ

ഇൻഷുറൻസ് കമ്പനി അന്വേഷണങ്ങള് പൂർത്തിയാക്കിയ ശേഷം ക്ലേയിം **അസാധു**വായതിനാൽ നല്കേണ്ടതില്ല എന്ന നിഗമനത്തിലെത്തിയേക്കാം. ഇത് സംഭവിക്കാനിടയുള്ള മൂന്ന് സാഹചര്യങ്ങളുണ്ട്:

പോളിസി നിലവിലില്ല:	സംഭവം നടക്കുമ്പോൾ പോളിസി നിലവിലില്ലായെങ്കിൽ, ഇൻഷുറൻസ് കമ്പനി ക്ലെയിം തള്ളിക്കളയും.	**ഉദാഹരണം:** അജയ് 20 വർഷത്തേയ്ക്കുള്ള പോളിസി എടുത്തു. എല്ലാ വർഷവും അദ്ദേഹം ഏപ്രിൽ 1 ആം തീയതി പ്രീമിയം അടയ്ക്കുന്നു. മൂന്നാം വർഷത്തില് ശക്തമായ ഒരു ഹൃദയാഘാതം അദ്ദേഹത്തിനുണ്ടാകുന്നു. സാമ്പത്തിക പ്രശ്നങ്ങളാലും ഭീമമായ ആശുപത്രി ബില്ലുകളാലും അജയ്ക്ക് പ്രീമിയം സമയത്തിനടയ്ക്കാൻ സാധിച്ചില്ല. അദ്ദേഹത്തിന്റെ സാമ്പത്തിക പ്രശ്നങ്ങള് കൂടുതൽ കാലം നിലനിൽക്കുകയും ഗ്രേസ് കാലാവധിയിൽ പോലും പ്രീമിയം അടയ്ക്കാൻ കഴിയാതിരിക്കുകയും ചെയ്യുന്നു. അതേസമയം അജയുടെ ആരോഗ്യം മോശമാവുകയും മെയ് 15 ന് അദ്ദേഹം മരിക്കുകയും ചെയ്യുന്നു. അജയുടെ നോമിനി ഇൻഷുറൻസ് കമ്പനിയ്ക്ക് ക്ലെയിം അപേക്ഷ നൽകുന്നു, പക്ഷെ കമ്പനി പോളിസി ക്ലെയിം തള്ളുന്നു, കാരണം മരണ സമയത്ത് ഗ്രേസ് കാലാവധിയിൽ പോലും പ്രീമിയം അടയ്ക്കാത്തതിനാൽ

		പോളിസി നിലവിലില്ലായിരുന്നു.
ഒഴിവാക്കിയ വ്യവസ്ഥകൾ ബാധകമാണ്:	പോളിസിയുടെ പരിരക്ഷയ്ക്ക് വെളിയിലുള്ള വല്ല കാരണങ്ങളാലുമാണ് മരണം സംഭവിക്കുന്നതെങ്കിൽ ക്ലെയിം സാദ്ധ്യമല്ല.	**ഉദാഹരണം:** പോളിസിയുടെ ആദ്യ വർഷത്തില് നടത്തുന്ന ആത്മഹത്യ, ഇൻഷുറൻസ് കമ്പനി പോളിസി ക്ലെയിം തള്ളിക്കളയാനുള്ള കാരണമായി കണക്കാക്കുന്നു.
ക്ലെയിം വഞ്ചനാപരമാണ്:	അന്വേഷണത്തിനിടെ, ഇൻഷുറൻസ് കമ്പനി വസ്തുതാപരമായ കാര്യങ്ങൾ മനഃപൂർവ്വം ഒളിച്ചുവെച്ചു എന്ന് കണ്ടെത്തുകയാണെങ്കിൽ ക്ലെയിം തള്ളിക്കളയും.	**ഉദാഹരണം:** പോളിസി എടുക്കുമ്പോള് ഇൻഷേർഡ് പ്രഖ്യാപിച്ച വയസ്സ് തെറ്റാണെങ്കിലോ അല്ലെങ്കിൽ രോഗബാധിതനായിരുന്നിട്ടും മനഃപൂർവ്വം മറച്ചുവെച്ചുവെങ്കിലോ, ഇൻഷുറർക്ക് തെറ്റായ വ്യാഖ്യാനത്തിന്റെ പേരില് ക്ലെയിം തള്ളിക്കളയാവുന്നതാണ്.

നിർദ്ദിഷ്ട പ്രവർത്തനം

ഇന്റർനെറ്റില് തിരഞ്ഞ് ഇൻഷുറൻസ് കമ്പനികള് തള്ളിക്കളഞ്ഞ ചില ഇൻഷുറൻസ് കേസുകള് കണ്ടെത്തുക, കാരണം അവരുടെ അഭിപ്രായത്തിൽ ക്ലെയിം പല കാരനങ്ങളാല് അസാധുവായിരുന്നു. അത്തരം കേസുകൾ പഠിക്കുക.

സി. മരണാനന്തരമുള്ള കടമകളും പ്രാമാണീകരിച്ച തെളിവും

വ്യക്തമായും, മരണത്തെക്കുറിച്ച് ഇൻഷുറൻസ് കമ്പനിയ്ക്ക് മനസ്സിലാകാത്തപക്ഷം സം ഇൻഷേർഡ് നൽകുകയില്ല. മരണം നടന്നു എന്ന കാര്യം ഇൻഷുറൻസ് കമ്പനിയെ അറിയിക്കുകയാണ് മരണ ശേഷമുള്ള ആദ്യ പടി. അറിയിപ്പ് നോമിനി, അസൈനി, ബന്ധു, വ്യക്തിയുടെ ജീവനക്കാരൻ, ഇൻഷുറൻസ് ഏജന്റ് തുടങ്ങിയവർക്ക് അയയ്ക്കാം. എന്നിരുന്നാലും മരിച്ചു എന്ന വിവരം അറിയിച്ചതുകൊണ്ടുമാത്രം കാര്യമില്ല, മറിച്ച് ഇൻഷുറൻസ് കമ്പനിയ്ക്ക് തെളിവ് വേണം, മരണം നടന്നുവെന്നു മാത്രമല്ല, ആ മരണം ഇൻഷുറൻസ് കമ്പനി ഇൻഷുര്

ചെയ്തിരുന്നു എന്നും. അതിനാൽ, അവകാശമുന്നയിക്കുന്നയാൾക്ക് താഴെപ്പറയുന്ന പ്രമാനങ്ങൾ കമ്പനിയ്ക്ക് ലഭിച്ചു എന്ന് ഉറപ്പുവരുത്തേണ്ട കടമയുമുണ്ട്:

- പോളിസി പ്രമാണം (നഷ്ടമായ പോളിസികൾക്ക് എന്ത് ചെയ്യണമെന്ന് കാണാൻ ഇ വിഭാഗം കാണുക).
- അസൈൻമെന്റുകളുടെ ഡീഡുകൾ/റീഅസൈൻമെന്റുകൾ: പോളിസി അസൈൻ ചെയ്യപ്പെടുകയാണെങ്കിൽ, ഇൻഷുറൻസ് കമ്പനി പേയ്മെന്റ് നടത്തുന്നത് ശരിയായ വ്യക്തിയ്ക്കാണ് എന്ന് ഉറപ്പുവരുത്തേണ്ടിയിരിക്കുന്നു. (അസൈൻമെന്റിനെക്കുറിച്ചുള്ള നിങ്ങളുടെ അറിവ് പുതുക്കാൻ അദ്ധ്യായം 3, ഭാഗം 2 ല് എച്ച്4ബി വിഭാഗം കാണുക)
- വയസ്സ് ഇതിനകം തെളിയിച്ചിട്ടില്ലെങ്കിൽ വയസ്സ് തെളിയിക്കുന്ന രേഖ.
- മരണ സർട്ടിഫിക്കറ്റ് (മരണത്തിന്റെ തെളിവ്).
- അവകാശവാദിയുടെ പ്രസ്താവന.
- പോളിസി അസൈൻ ചെയ്യുകയോ നാമനിർദ്ദേശം ചെയ്യുകയോ ഉണ്ടായിട്ടില്ലെങ്കിൽ ശീർഷകത്തിന്റെ നിയമപരമായ തെളിവ്.
- ഇൻഷുറൻസ് കമ്പനി അയച്ച ഡിസ്ചാർജ് ഫോം, പൂർത്തിയാക്കി സാക്ഷ്യപ്പെടുത്തിയതിനുശേഷം ഇൻഷുറൻസ് കമ്പനിയ്ക്ക് മടക്കി നൽകേണ്ടതാണ്.

സി1 അകാലത്തിലുള്ള മരണ ക്ലെയിമുകള്

അപകടസാദ്ധ്യതയുടെ അല്ലെങ്കില് പുതുക്കലിന്റെ മൂന്ന് വർഷത്തിനകമാണ്, ക്ലെയിം ഉണ്ടാകുന്നതെങ്കിൽ, ഇൻഷുറൻസ് കമ്പനി സാധാരണയായി ഇതൊരു അകാലത്തിലുള്ള മരണ ക്ലെയിമായാണ് കണക്കാക്കുക. ഇത്തരം കേസുകളിൽ വിശദമായ അന്വേഷണം ഇൻഷുറൻസ് കമ്പനി നടത്തും. വസ്തുതാപരമായ കാര്യങ്ങൾ പ്രപ്പോസല്/പുതുക്കൽ സമയത്ത് മറച്ചുവെച്ചിട്ടില്ല എന്ന് ഉറപ്പുവരുത്താന് അധിക പ്രമാണങ്ങൾ ആവശ്യപ്പെട്ടേക്കാം. ഈ പ്രമാണങ്ങൾ:

- മരണത്തിനുമുമ്പ് അസുഃഖബാധിതനായിരുന്നോ എന്ന് അറിയാനുള്ള അവസാന ഡോക്ടറിൽ നിന്നുള്ള റിപ്പോർട്ട്, അതിൽ രോഗത്തെക്കുറിച്ചും അവസാനമായി നൽകിയ ചികിത്സയെക്കുറിച്ചും വിശദാംശങ്ങളുണ്ടാകും;
- രോഗി ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടിട്ടുണ്ടെങ്കില് ആശുപത്രിയിൽ നിന്നുള്ള ഒരു പ്രസ്താവന;
- മൃതശരീരത്തിന് അന്ത്യോപചാരമർപ്പിച്ച ആളുടെ ഒരു പ്രസ്താവന;
- അവധികളുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ (രോഗി ഒരു ജീവനക്കാരനായിരുന്നുവെങ്കിൽ) ഉൾക്കൊള്ളുന്ന തൊഴിൽദാതാവിന്റെ പ്രസ്താവന.

അപകടം, അജ്ഞാതമായ കാരണം മൂലമുണ്ടായ ആത്മഹത്യ തുടങ്ങി ലൈഫ് ഇൻഷ്വേർഡിന് അസ്വാഭാവികമായ മരണമാണ് ഉണ്ടായതെങ്കില് താഴെ പറയുന്ന കാര്യങ്ങളും കൂടി പരിശോധിക്കേണ്ടതുണ്ട്:

- പോലീസിന്റെ പ്രാഥമിക റിപ്പോർട്ട് (എഫ്ഐആർ);
- ഇൻകസ്റ്റ്;
- ഫോറൻസിക് റിപ്പോർട്ട്;
- പോസ്റ്റ്മോർട്ടം റിപ്പോർട്ട്; കൂടാതെ
- കൊറോണറുടെ റിപ്പോർട്ട്.

പ്രാഥമികമായ തെളിവിനെ അടിസ്ഥാനമാക്കി, ഒരു പ്രത്യേക അന്വേഷണം ആവശ്യപ്പെട്ടേക്കാം.

ഉദാഹരണം

25 വർഷ കാലാവധിയുള്ള 25,00,000 രൂപയുടെ ഒരു എന്റോവ്മെന്റ് പോളിസി അജയ് വാങ്ങി. വ്യത്യസ്ത സാഹചര്യങ്ങളിൽ ക്ലെയിം എങ്ങനെ കൈകാര്യം ചെയ്യപ്പെടുമെന്ന് നമുക്ക് നോക്കാം:

- **പോളിസി വാങ്ങി ആദ്യ മൂന്ന് വർഷത്തിനകം അജയ് മരിക്കുന്നു.** അദ്ദേഹത്തിന്റെ മരണം ഒരു അകാല മരണമാണെന്ന് ഇൻഷുറൻസ് കമ്പനി കണക്കാക്കുന്നു. സാധാരണ തീർപ്പാക്കുന്നതിലും അധികസമയമെടുത്ത് വിശദമായ ഒരു അന്വേഷണം കമ്പനി നടത്തുന്നു. അതുകൂടാതെ സാധാരണയായി വേണ്ടിവരുന്ന ക്ലെയിം ഫോം, മരണത്തിനു മുമ്പ് അജയെ ചികിത്സിച്ച ഡോക്ടറുടെ റിപ്പോർട്ട് എന്നിവ ആവശ്യപ്പെട്ടേക്കാം.
- **അജയ് തന്റെ പ്രീമിയങ്ങളെല്ലാം സ്ഥിരമായി അടയ്ക്കുകയും തന്റെ പോളിസിയുടെ 7 ആം വർഷം മരിക്കുകയും ചെയ്യുന്നു.** ലൈഫ് ഇൻഷുറൻസ് കമ്പനി ഇതൊരു സാധാരണ ക്ലെയിമായി കണക്കാക്കും. പൂർത്തിയാക്കിയ ക്ലേയിം ഫോമിനൊപ്പം അജയുടെ നോമിനി/നിയമപരമായ ബെനിഫിഷ്യറി എന്നിവരോട് സ്ഥിരം ആവശ്യമായ പ്രമാണങ്ങളും ആവശ്യപ്പെടുന്നു. ക്ലെയിം സാധുവാണെന്ന് കണ്ട്, തുടർ അന്വേഷണങ്ങളൊന്നും അധികമായി നടത്താതെ താരതമ്യേന ചുരുങ്ങിയ കാലത്തിനകം ക്ലെയിം തീർപ്പാകുന്നു.
- **അജയ്ക്ക് പോളിസിയുടെ 5 ആം വർഷം പ്രീമിയം അടയ്ക്കാന് കഴിഞ്ഞില്ല. അദ്ദേഹം 6 ആം വർഷം പോളിസി പുതുക്കുകയും 7 ആം വർഷം മരിക്കുകയും ചെയ്തു.** സാധാരണ മരണ ക്ലെയിമുകളിൽ നിന്ന് വ്യത്യസ്തമായിട്ടായിരിക്കും ഇത് പരിഗണിക്കുക. മരണം സംഭവിച്ചത് 7 ആം വർഷമാണെങ്കില് കൂടി ഇത് സാധാരണ മരണ ക്ലെയിമുകളിൽ നിന്ന് വ്യത്യസ്തമാണ്, കാരണം മരണം സംഭവിക്കുന്നത് പോളിസി നവീകരിച്ച് 1

വർഷത്തിനകമാണ്. ഈ സാഹചര്യത്തിൽ ആദ്യ സാഹചര്യം പോലെ ക്ലെയിം തീർപ്പാക്കുന്നതിനുമുമ്പ് അൽപം വിശദമായ അന്വേഷണം ഇൻഷുറൻസ് കമ്പനി നടത്തും.

ചോദ്യം 11.2

മരണ ക്ലെയിമിനെ പിൻതാങ്ങാന് ഏതെല്ലാം പ്രമാണങ്ങളാണ് ആവശ്യമുള്ളത്?

ഡി ക്ലെയിമുകള് തീർപ്പാക്കല്

ഭാഗം എ യിൽ നമ്മള് മെച്യൂരിറ്റിയെക്കുറിച്ചും മരണ ക്ലെയിമുകളെക്കുറിച്ചും അവ എങ്ങനെ ഒത്ത്തുതീർപ്പാക്കണം എന്നുമുള്ള കാര്യങ്ങൾ കണ്ടു, എന്നാൽ ഈ ഭാഗത്ത് നമ്മള് വിശദമായി അവ പഠിക്കും. അത് ആരംഭിക്കുന്നതിന് മുമ്പ്, ക്ലെയിമുകൾ എങ്ങനെ കൈകാര്യം ചെയ്യണമെന്ന് ഈ സാഹചര്യങ്ങളെ അടിസ്ഥാനമാക്കി ഐആർഡിഎ മാർഗ്ഗനിർദ്ദേശങ്ങള് പ്രകാരം പരിശോധിക്കാം.

ഡി1 ക്ലെയിം തീർപ്പാക്കാനുള്ള ഐആർഡിഎ മാർഗ്ഗനിർദ്ദേശങ്ങള്

ഈ അദ്ധ്യായത്തിന്റെ ആമുഖത്തില് നമ്മള് ക്ലെയിമുകള് തീർപ്പാക്കാന് ഐആർഡിഎ മാർഗ്ഗനിർദ്ദേശങ്ങള് പുറപ്പെടുവിച്ച കാര്യം പ്രസ്താവിക്കുകയുണ്ടായി. ഇവ **ഐആർഡിഎ (പോളിസി ഉടമകളുടെ താൽപര്യ സംരക്ഷണാർത്ഥം) നിയമം 2002** പ്രകാരം ഉൾപ്പെടുത്തിയിരിക്കുന്നു, അവ.

ഒരു ലൈഫ് ഇൻഷുറൻസ് പോളിസിയിലെ ക്ലെയിം നടപടിക്രമങ്ങൾ

1. ഇൻഷുറൻസ് പോളിസി അവകാശമുന്നയിക്കുന്ന ആളുടെ ക്ലെയിമിനെ സാധൂകരിക്കും വിധത്തിൽ പ്രാഥമിക പ്രമാണങ്ങള് സമർപ്പിക്കണം.

2. ഒരു ലൈഫ് ഇൻഷുറൻസ് പോളിസിയില് ക്ലെയിം സ്വീകരിക്കുന്നതിനുമുമ്പ്, ക്ലെയിം വൈകാതെ പ്രക്രിയപ്പെടുത്തും. എന്തെങ്കിലും സംശയങ്ങളോ അധിക പ്രമാനങ്ങളുടെ ആവശ്യങ്ങളോ പറ്റാവുന്നതുവരെ ഉന്നയിക്കപ്പെടും. ക്ലെയിം സ്വീകരിച്ച് 15 ദിവസത്തിനകം തന്നെ ആ വിവരം അവകാശമുന്നയിക്കുന്നയാളെ അറിയിക്കും.

3. പോളിസിയ്ക്ക് കീഴിലുള്ള ക്ലെയിം എല്ലാ സാധുവായ പ്രമാണങ്ങളും വിവരങ്ങളും ലഭിച്ച് 30 ദിവസത്തിനകം നൽകുകയോ എല്ലാ കാരണങ്ങളും നൽകിക്കൊണ്ട് തർക്കം ഉന്നയിക്കുകയോ ചെയ്യും. അങ്ങനെയെങ്കിൽ കമ്പനി ഒരു അന്വേഷണം നടത്തും,

അതിന്റെ ഫലം എത്രയും പെട്ടെന്നുതന്നെ പുറത്തുവിടണം, അതായത് ക്ലെയിമുണ്ടായി 6 മാസത്തിലധികം വൈകാന് പാടില്ല.

4. നിയമത്തിന്റെ 47 ആം വകുപ്പ് പ്രകാരം, ക്ലെയിം നൽകാന് തയ്യാറായിരിക്കുകയും, എന്നാൽ നൽകാനുള്ളയാളെ ശരിയായി മനസ്സിലാക്കാൻ സാധിക്കാതെയുമിരുന്നാൽ, ഒരു ഷെഡ്യൂൾഡ് ബാങ്കില് പ്രസ്തുത വ്യക്തിയെ കണ്ടെത്തും വരെ നിക്ഷേപിച്ച് പലിശ കൂടി അതിനോട് ചേർക്കും (എല്ലാ രേഖകളും വിവരങ്ങളും സമർപ്പിച്ചതിനുശേഷം).

5. ഉപനിയമത്തിന്റെ (4) പരിധിയിൽ പെടാത്ത എന്തെങ്കിലും കാരണത്താൽ ഇൻഷുററുടെ ഭാഗത്തുനിന്ന് ക്ലെയിം പ്രക്രിയപ്പെടുത്താന് താമസമുണ്ടാവുകയാണെങ്കില്, കമ്പനി ക്ലെയിം അവലോകനം ചെയ്യാൻ ചിലവായ സാമ്പത്തിക വർഷത്തില് 2% അധിക തുക നൽകേണ്ടതാണ്.

ഇപ്പോൾ എല്ലാ ക്ലെയിമുകളും കൈകാര്യം ചെയ്യേണ്ടതെങ്ങനെയെന്ന് നമ്മൾ ഒരു രൂപരേഖ ഉണ്ടാക്കിക്കഴിഞ്ഞു. നമുക്ക് ക്ലെയിമുകളുടെ വ്യക്തിഗത ഇനങ്ങൾ ഇനി പരിശോധിക്കാം.

ഡി2 മെച്യൂരിറ്റി ക്ലെയിം

മെച്യൂരിറ്റി ക്ലെയിമുകളിൽ കൈക്കൊള്ളുന്ന നടപടികള് സാധാരണയായി ഇൻഷുറൻസ് കമ്പനി തന്നെയാണ് മുൻകൈ എടുക്കാറുള്ളത്. ഓരോ മാസവും ഏതെല്ലാം പോളിസികളാണ് മെച്യൂറാവുക എന്ന് കമ്പനിയ്ക്ക് അറിയാം, അതിനാൽ തന്നെ മുൻകൂട്ടി പ്രസ്തുത വ്യക്തിക്ക് അറിയിപ്പ് അയയ്ക്കും. ഇൻഷേർഡ് പിന്നീട് വിഭാഗം സി യില് പറഞ്ഞിട്ടുള്ള നടപടികൾ കൈക്കൊള്ളും. പിന്നീട് പേയ്മെന്റ് നടത്തുന്നതിനുമുമ്പ്, ഇൻഷുറര് സ്വയം താഴെപ്പറയുന്നവയില് തൃപ്തി കൈവരിക്കും:

അസൽ പോളിസി കൈമാറി → പോളിസി ഉടമയേ തിരിച്ചറിഞ്ഞു → ഡിസ്ചാർജ് ഫോം പൂർണ്ണമായും പൂരിപ്പിച്ചു → ശരിയായ വയസ്സാണെന്ന് തെളിയുകയും, ഉപോൽബലകമായ രേഖ സമർപ്പിക്കുകയും ചെയ്തു → എല്ലാ പ്രീമിയങ്ങളും അടയ്ക്കുകയും അവ കൃത്യവുമാണ് → അസൈൻമെന്റുകള് ഒന്നുമില്ല

ഇൻഷുറര് മെച്യൂരിറ്റി തീയതിയ്ക്ക് പേയ്മെന്റ് നടത്തുമെന്ന് പ്രതീക്ഷിക്കുന്നു. മെച്യൂരിറ്റി തീയതിയ്ക്ക് കുറച്ച് മുമ്പായി അയച്ചിട്ടുള്ള പിന്നീട് തീയതിയുള്ള ചെക്ക്, ഒപ്പിട്ട ഡിസ്ചാർജ് ഫോം എന്നിവ കൈപ്പറ്റി.

പോളിസി നഷ്ടമായതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിൽ, ഇൻഷുറര് ഇത് ഇന്റംനിറ്റിയുടെ (വിഭാഗം ഇ കാണുക) അടിസ്ഥാനത്തിൽ തീർപ്പാക്കും.

പോളിസിയിൽ മറ്റ് നടപടിക്രമങ്ങളൊന്നും ഇല്ലാത്തതിനാല് ഇത് സാദ്ധ്യമാണ്.

അസൈൻ ചെയ്തിട്ടുള്ള പോളിസികൾ

ബോധവാനായിരിക്കുക
ആബ്സല്യൂട്ട് അസൈൻമെന്റിന്റെ കാര്യമുണ്ടാകുമ്പോൾ, അസൈനിയ്ക്ക് ക്ലെയിം തുക നൽകും.

അസൈൻമെന്റ് വ്യവസ്ഥകളുള്ളതാണെങ്കില്, പോളിസി ഉടമയുടെ മെച്യൂരിറ്റിയ്ക്ക് മറുപടിയായി, പോളിസി ഉടമയ്ക്ക് ഇൻഷുറൻസ് കമ്പനിയ്ക്ക് പേയ്മെന്റ് നടത്താവുന്നതാണ്. ഇത് കരുതലോടെ, എന്നിരുന്നാലും, ആദ്യം അസൈനിയ്ക്ക് കടങ്ങളൊന്നും ഇല്ല എന്ന കാര്യം ഉറപ്പാക്കും.

ബോധവാനായിരിക്കുക
ഒത്തുതീർപ്പ് ഓപ്ഷന്: ചില മെച്യൂരിറ്റി ക്ലെയിമുകൾ (യൂലിപ്പ് പോലുള്ളവ) പേയബിളായിരിക്കും, പോളിസി ഉടമ തീരുമാനിക്കുന്ന മെച്യൂരിറ്റി തീയതിയ്ക്കല്ല, പക്ഷെ പിന്നീടായിരിക്കും കൂടാതെ പിന്നീടുള്ള ഇൻസ്റ്റാൾമെന്റുകളിലുമായിക്കും, മാത്രമല്ല ലംപ് സം ആയിട്ടുമായിരിക്കില്ല. ഇതാണ് ഒത്തുതീർപ്പ് ഓപ്ഷന് എന്ന് അറിയപ്പെടുന്നത്. പോളിസി ഉടമ ഇത്തരം ഒരു ഓപ്ഷൻ അതായത് പേയ്മെന്റ് മെച്യൂരിറ്റി ആകുന്നതിനുമുമ്പു തന്നെ ആലോചിക്കേണ്ടതുണ്ട്, കാരണം പ്രക്രിയ മെച്യൂരിറ്റി തീയതിയ്ക്ക് ശേഷവും കുറേ വർഷങ്ങളെടുക്കും.

ഡി3 അതിജീവന ആനുകൂല്യ പേയ്മെന്റുകള്

അതിജീവന ആനുകൂല്യ പേയ്മെന്റുകൾ നടത്തുന്ന കാര്യം വരുമ്പോൾ, മെച്യൂരിറ്റി ക്ലെയിമുകളുടെ പ്രക്രിയയ്ക്ക് സമാനമാണിത് എന്ന് കാണാം. നടപടി ആരംഭിക്കുക ഇൻഷുറര് ആയിരിക്കും മാത്രമല്ല പിന്നീട് തീയതി വെച്ചിട്ടുള്ള ചെക്കുകൾ മുൻകൂട്ടി അയയ്ക്കും.

പോളിസി നഷ്ടപ്പെട്ടതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ, ഒരു എന്റോഴ്സ്മെന്റ് ഉണ്ടാക്കാവുന്നതാണ്, കാരണം അതിജീവന ആനുകൂല്യ ഒത്തുതീർപ്പിന് അത് അത്യാവശ്യമാണ്. വഞ്ചനാപരമായ ക്ലെയിമുകളെക്കുറിച്ച് താഴെ വിഭാഗം ഇ യിൽ കാണുക.

ഡി4 മരണ ക്ലെയിമുകൾ

ആദ്യ രണ്ട് തരം ക്ലെയിമുകളിൽ നിന്ന് വ്യത്യസ്തമായി, അവകാശമുന്നയിക്കുന്നയാളാണ് നടപടി ആരംഭിക്കുന്നത്. അയാൾ ലൈഫ്

ഇൻഷേ്വർഡിന്റെ മരണം സംഭവിച്ചിരിക്കുന്നു എന്ന് കമ്പനിയെ അറിയിക്കും. ഇൻഷുറൻസ് കമ്പനി തുടർന്ന് പ്രസക്തവും സാധുവായതുമായ പ്രമാണങ്ങൾ (വിഭാഗം സി കാണുക) കാത്തിരിക്കുകയും, അവ പരിശോധിച്ച്, ആവശ്യമെങ്കില് തുടരന്വേഷണങ്ങള് നടത്തുകയും ചെയ്യുന്നു. ക്ലെയിം സാധുവായ ഒന്നാണെന്ന് കമ്പനിയ്ക്ക് മനസ്സിലായിക്കഴിഞ്ഞാൽ, ഒരു നിശ്ചിത കാലാവധിയ്ക്കുള്ളില് നോമിനിയ്ക്കോ അല്ലെങ്കില് ബെനിഫിഷ്യറിയ്ക്കോ ക്ലെയിം തീർപ്പാക്കിക്കൊണ്ട് തുക നൽകും.

ചോദ്യം 11.3

ഐആർഡിഎ മാർഗ്ഗനിർദ്ദേശങ്ങള് പ്രകാരം, ഒരു ക്ലെയിമിൽ തീരുമാനമെടുക്കുന്നതിനുമുമ്പ് ഇൻഷുറൻസ് കമ്പനിയ്ക്ക് എത്ര സമയമെടുക്കാം?

ഇ വഞ്ചനാപരമായ ക്ലെയിമുകൾ

ഇൻഷുറൻസ് വഞ്ചന എന്നത് മനഃപൂർവ്വം നടത്തുന്ന സാമ്പത്തിക ലാഭം ലക്ഷ്യം വെച്ചുകൊണ്ടുള്ളതാണ്. തെറ്റായ ക്ലെയിമുകള് നതത്തുകയും വസ്തുതകളുടെ തെറ്റായ വ്യാഖ്യാനങ്ങളുമാണ് ഇതിൽ സാധാരണ നടക്കാറുള്ളത്.

ബോധവാനായിരിക്കുക

പോളിസി നഷ്ടമാകുക

മെച്യൂരിറ്റി ക്ലെയിമുകള് തീർപ്പാക്കുന്നതിനു മുമ്പ് ഇൻഷുറൻസ് കമ്പനികൾ പരമാവധി ശ്രദ്ധ പുലർത്തും. ചിലപ്പോൾ യഥാർത്ഥ പോളിസി നഷ്ടമായി എന്ന് റിപ്പോർട്ട് ചെയ്യപ്പെടും. ഇത് വഞ്ചന നടത്താനുള്ള ശ്രമത്തിന്റെ ഭാഗമായുള്ളതല്ല എന്ന് ഉറപ്പുവരുത്തണം. ഉദാഹരണത്തിന്, ലോണിന് എവിടെയെങ്കിലും സത്യം ചെയ്തിട്ടുണ്ടാകും. പോളിസി നഷ്ടമായത് വാസ്തവമാണെങ്കിൽ, ഇന്റംനിറ്റി നേടിക്കഴിഞ്ഞാല് പോളിസി തീർപ്പാക്കാന് ബുദ്ധിമുട്ടൊന്നുമില്ല, ഒരു മുൻകരുതലെന്ന നിലയ്ക്ക്, വർത്തമാനപത്രത്തില് പരസ്യം ചെയ്താല് മതി.

അവകാശമുന്നയിക്കുന്നയാൾ ഒപ്പിടുകയും താനല്ല യഥാർത്ഥ വ്യക്തി എങ്കിൽ യഥാർത്ഥ വ്യക്തിയ്ക്ക് തുക നൽകിക്കോളാമെന്നും പറയുന്ന ഇന്റംനിറ്റി ഒരു പ്രസ്താവനയുടെ രൂപത്തിലുള്ളതാണ്.

ഇ1 വഞ്ചനയുടെ അനന്തരഫലങ്ങൾ

വഞ്ചന തിരിച്ചറിയാതിരിക്കുകയും തുക നൽകുകയും ചെയ്തുകഴിഞ്ഞാൽ, ഇൻഷുറർക്ക്, ഇൻഷേ്വർഡിന് ഒക്കെ നേരിട്ടുള്ള അനന്തരഫലങ്ങളുണ്ട്. അവ താഴെപ്പറയുന്നു.

ഇൻഷുററർക്ക് വഞ്ചനയുടെ ഫലമായി നേരിടേണ്ടിവരുന്ന അനന്തരഫലങ്ങൾ

- വ്യക്തികളായിട്ടുള്ള ഇൻഷുററർമാർ വഞ്ചനയുടെ കണ്ടെത്തലും തടയലും യഥാവിധം നടത്താതിരുന്നാൽ അവരുടെ ലാഭത്തിന് അത് ഇടിവുണ്ടാക്കും. അവരുടെ ക്ലെയിം ചിലവുകൾ കൂടുകയും അത് പ്രീമിയമുകളെ ബാധിക്കുകയും ചെയ്യും, മാത്രമല്ല വിപണിയിൽ അതിന്റെ വിലയും ഇടിയും.
- അതുകൂടാതെ, വഞ്ചകർക്കിടയിൽ ഈ വിവരം പരക്കുകയും അത്തരം മാർഗങ്ങൾ തുടർന്ന് പലരും തിരഞ്ഞെടുക്കുകയും ചെയ്യും.

ഇൻഷേ്വർഡിന് വഞ്ചനയുടെ ഫലമായി നേരിടേണ്ടിവരുന്ന അനന്തരഫലങ്ങൾ

- വഞ്ചകരല്ലാത്ത ഇൻഷേ്വർഡുകളെയും ഇത് ബാധിക്കും.
- ഇതിന് കാരണം പ്രീമിയത്തിൽ വരുന്ന വർദ്ധനവ് പോളിസി ഉടമകളെ ബാധിക്കും എന്നതിനാലാണ്. ഇത് വഞ്ചന നടത്തിയവരെ മാത്രമല്ല ബാധിക്കുക. അപകടസാദ്ധ്യതയ്ക്കനുസരിച്ച് ഓരോ ഇൻഷേ്വർഡും പൂളിലേയ്ക്ക് കാര്യമായ പ്രീമിയം കൊണ്ടുവരുന്നു എന്ന കാര്യം ഓര്മ്മിക്കുക. ഇത് വഞ്ചനാപരമായ ക്ലെയിമുകൾ വഴി അലങ്കോലമാകുന്നു.

വഞ്ചനയുടെ ഫലമായി വഞ്ചകൻ നേരിടേണ്ടിവരുന്ന അനന്തരഫലങ്ങൾ

- വഞ്ചനയുടെ ഫലമായി വഞ്ചകൻ തുക കൈക്കലാക്കി എന്നത് ശരിയാണ്, ഈ പ്രക്രിയ തുടരാനുള്ള പ്രേരണ അയാൾക്കുണ്ടാകുന്നു.

ഇ2 മരണ ക്ലെയിമുകള് കൈകാര്യം ചെയ്യുമ്പോള് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

മരണ ക്ലെയിമുകളിലാണ് ഏറ്റവുമധികം വഞ്ചന നടക്കുന്നത്, അതിനാൽ തന്നെ ഇൻഷുററ് മരണ ക്ലെയിമുകളില് വളരെ ശ്രദ്ധാലുക്കളായിരിക്കും. മരണ ക്ലെയിമുകളിലെ വഞ്ചന തടയാൻ താഴെപ്പറയുന്നവ സൂചകങ്ങളായിരിക്കും:

- ഒരു അപരിചിതനിൽ നിന്ന് മരണവിവരം ലഭിച്ചുകഴിഞ്ഞാല്, 'എന്തുകൊണ്ട് ഇതൊരു കുടുംബാംഗത്തിൽ നിന്നോ ഏതെങ്കിലും ബന്ധുവിൽ നിന്നോ ഉയർന്നില്ല' എന്ന് ചോദിക്കാൻ കാരണമുണ്ട്?'
- ക്ലെയിം തീർപ്പാകുന്നതുമായി ബന്ധപ്പെട്ടുള്ള ഒരുപാട് അന്വേഷണങ്ങള് സംശയം ജനിപ്പിക്കുന്നതാണ്.
- മരണതിന്റെ വിവരം മരണം നടന്ന് മൂന്ന് വർഷത്തിനുശേഷമാണ് വിവരം ലഭിക്കുന്നതെങ്കിൽ അതില് സംശയിക്കാനൊന്നുമില്ല. അത്തരം ഒരു സാഹചര്യത്തിൽ, മറ്റെല്ലാ കേസുകളിലും എന്നതുപോലെ അന്വേഷണം നടത്തും. വൈകാനുള്ള കാരണം തൃപ്തികരമല്ലെങ്കിൽ, 'സമയ പരിധി കഴിഞ്ഞു' എന്ന് പറയാവുന്നതാണ്.

നല്ല വിശ്വാസത്തിന്റെ ഭാഗമായി ഇൻഷുററർമാര്, ക്ലെയിം തീർപ്പുകൾ, കമ്പനി പ്രീമിയങ്ങളുടെ ട്രസ്റ്റി എന്ന നിലയിൽ തന്നെ പെരുമാറേണ്ടതുണ്ട്, അവർ വഞ്ചന തടയാന് ശ്രമിക്കണം. ബാലൻസ് നിലനിർത്തുകയും വേണം.

ഇ3 മരണത്തിന്റെ അനുമാനം

ക്ലെയിം തീർപ്പാകാന് മരണത്തിന് തെളിവ് അത്യന്താപേക്ഷിതമാണ്. എന്നിരുന്നാലും, ചിലപ്പോൾ ഒരു വ്യക്തി എവിടെയാണെന്നുപോലും

അറിയാതെ കാണാതാവുന്ന അവസ്ഥ ഉണ്ടാകാറുണ്ട്. അത്തരം ഒരു വ്യക്തിയുടെ ലൈഫ് ഇൻഷുറൻസിന് എന്ത് സംഭവിക്കുന്നു - ഒരു ക്ലെയിം ഉണ്ടാകാമോ, അല്ലെങ്കിൽ ഇൻഷുറൻസ് കമ്പനി അത്തരം ക്ലെയിമുകളെല്ലാം വഞ്ചനയായിരുന്നുവെന്ന് തീർപ്പുകൽപ്പിക്കുമോ?

വകുപ്പ് 107, 108 എന്നിവ മരണത്തിന്റെ അനുമാനവുമായി ബന്ധപ്പെട്ടുള്ള **1872 ലെ ഇന്ത്യന് തെളിവ് നിയമം** ഇതിന് തീർപ്പുണ്ടാക്കുന്നു; ഈ നിയമപ്രകാരം ഒരു വ്യക്തിയെക്കുറിച്ച് ഏഴ് വർഷം അറിയാതെയിരുന്നാൽ അയാള് മരിച്ചതായി അനുമാനിക്കപ്പെടും. ഇത് ലൈഫ് ഇൻഷുറൻസ് പോളിസിയുടെ നടപടികളില് താഴെക്കാണുന്ന ഫലങ്ങളുണ്ടാക്കും:

- നോമിനിയോ അല്ലെങ്കില് നിയമപരമായി അവകാശമുള്ളവരോ ലൈഫ് ഇൻഷ്വേർഡ് അപ്രത്യക്ഷനാണ് എന്ന വിവരം ക്ലെയിം ചെയ്യുകയാണെങ്കിൽ, മാത്രമല്ല മരിച്ചിരിക്കുമെന്ന് അനുമാനിക്കുകയും ചെയ്യുന്നുവെങ്കിൽ, ഇൻഷുറർമാര് കോടതിയില് നിന്ന് ആവശ്യമായ ആജ്ഞാപത്രം ഹാജരാക്കേണ്ടതാണ്.
- എന്നിരുന്നാലും, ഇൻഷുറര് സ്വന്തം നിലയിലും പ്രവർത്തിക്കാം, കോടതിയുടെ ആജ്ഞാപത്രം ഇല്ലാതെ തന്നെ. ഇൻഷ്വേർഡിന് ഗുരുതരമായ ഒരു പരിക്കുപറ്റുകയോ അല്ലെങ്കിൽ മറ്റ് തടസ്സങ്ങളോ ഉണ്ടാവുകയാണെങ്കിൽ.
- കോടതി മരണ അനുമാനം സ്ഥിരീകരിക്കുന്നതുവരെ പ്രീമിയം അടച്ചിരിക്കണം; എന്നിരുന്നാലും ഒരു പരിഗണന എന്ന നിലയ്ക്ക് ഏഴ് വർഷ കാലാവധിയിലുള്ള പ്രീമിയം തള്ളിക്കളഞ്ഞുവെന്നും വരാം. ഇത് ഓരോ കമ്പനികളുടെയും തീരുമാനമാണ്.

എഫ് റദ്ദായതും റദ്ദാകാവുന്നതുമായ കരാറുകൾ

ഇൻഷുറൻസ് ക്ലെയിം കമ്പനി തള്ളിക്കളയുന്നതിനുള്ള ഒരു കാരണം അസൽ കരാര് അസാധുവാണെന്ന് തെളിയുന്നതാണ്, അല്ലെങ്കിൽ റദ്ദായതോ, അല്ലെങ്കിൽ റദ്ദാകാന് സാദ്ധ്യതയുള്ളതോ ആകാം. രണ്ട് വാക്കുകളും കൊണ്ട് അർത്ഥമാക്കുന്നതെന്താണ് എന്ന് നമ്മള് വിശദീകരിക്കും, മാത്രമല്ല ഈ വിഭാഗത്തിൽ അവ തമ്മിലുള്ള വ്യത്യാസങ്ങളെക്കുറിച്ചും.

നിയമപരമായി ഒരുപാട് കാരണങ്ങളാല് ഒരു പോളിസി കരാര് അസാധുവാണെന്ന് വരാം. റദ്ദായ കരാറിന് രണ്ട് കക്ഷികൾക്കുമിടയില് യാതൊരു ബന്ധവും സ്ഥാപിക്കാന് കഴിയില്ല (നിബന്ധനകളും വ്യവസ്ഥകളും പ്രകാരം). ഒരു പോളിസി റദ്ദാകാൻ താഴെപ്പറയുന്ന കാരണങ്ങളാകാം:

പിശക്	കരാറിന്റെ അടിസ്ഥാനം	**ഉദാഹരണം:** ഒരു മദ്യപാനി ലൈഫ്

	മുതലുള്ള ഒരു പിശകുണ്ടെങ്കിൽ, മനസ്സുകൾ യോജിക്കുന്നില്ലെങ്കിൽ, സാധുവായ കരാർ നിലനിൽക്കുന്നില്ല.	ഇൻഷുറൻസ് കരാറിലേയ്ക്ക് കടന്നു, കരാറിലേയ്ക്ക് കടക്കുമ്പോൾ അയാൾക്ക് ഒരു മനഃസ്ഥിരത ഉണ്ടായിരുന്നില്ല. ഇത് ഒരു വ്യക്തിയെ നിബന്ധനകളും വ്യവസ്ഥകളും ശരിയായി മനസ്സിലാക്കുന്നതിന് വിഘാതം സൃഷ്ടിക്കും.
ഇല്ലെജിറ്റമേറ്റ്/നിയമരഹിതമായ സാഹചര്യങ്ങൾ	നിയമരഹിതമായാണ് ഇൻഷുറൻസ് എടുത്തിട്ടുള്ളതെങ്കിൽ, അത് റദ്ദാക്കപ്പെടും.	**ഉദാഹരണം:** ആത്മഹത്യ ചെയ്യാനോ അല്ലെങ്കിൽ ഒരു ഭർത്താവ് ഭാര്യയുടെ പേരിൽ ഇൻഷുറൻസ് എടുത്ത് അവരെ കൊല്ലാനോ പദ്ധതിയിടുകയാണെങ്കിൽ.
ഇൻഷൂറബിള് അഭിരുചിയുടെ അഭാവം	ഒരു പോളിസിയുമായി ബന്ധപ്പെട്ട് ഇൻഷുറബിളായ യാതൊരു വിധ താൽപര്യവുമില്ലെങ്കിൽ, ഇത് റദ്ദാക്കപ്പെടും.	

റദ്ദാക്കപ്പെടാവുന്ന കരാർ ഏതെങ്കിലും ഒരു കക്ഷി തീരുമാനിക്കുന്നതുവരെ മാറ്റി നിർത്തപ്പെടും. ഇൻഷുറൻസ് കരാറുകള് ഒരുപാട് കാരണങ്ങളാൽ റദ്ദാക്കപ്പെടാവുന്നതായിരിക്കും. ചില ഉദാഹരണങ്ങൾ:

- **വിശ്വാസ ലംഘനം:** ദുർവ്യാഖ്യാനമോ അല്ലെങ്കില് വെളിപ്പെടുത്താതിരിക്കലോ പോളിസി റദ്ദാക്കിയതായി കണക്കാക്കാന് പ്രേരിപ്പിക്കുന്നു.
- **ഉറപ്പിന്റെ ലംഘനം:** ഇത് ഇൻഷുറര് കരാര് റദ്ദാക്കിയതായി കണക്കാക്കാൻ ഇടയാക്കും.

എന്നിരുന്നാലും, ഇന്ത്യൻ നിയമപ്രകാരം ഇൻഷുറൻസ് കമ്പനിയ്ക്ക് ഒരു കരാർ ദുർവ്യാഖ്യാനമെന്നോ അല്ലെങ്കില് വെളിപ്പെടുത്താത്തതോ ആണെന്ന് കണ്ട് റദ്ദാക്കുന്നതിന് ചില ചട്ടങ്ങൾ പാലിക്കേണ്ടതുണ്ട് എന്ന വ്യവസ്ഥയുണ്ട്. അത് വലരെ പ്രധാനപ്പെട്ടതാണ്, അതിനാൽ നമുക്കിത് ചർച്ച ചേയ്യാം.

എഫ്1 തർക്കരഹിതമായ കരാറുകള്

നമ്മളിപ്പോൾ കണ്ടതുപോലെ, നിർദ്ദേശകന് നിർദ്ദേശം വെയ്ക്കുന്ന സമയത്ത് പ്രൊപ്പോസൽ ഫോമിലോ, പ്രൊപ്പോസൽ സ്റ്റേറ്റ്മെന്റിലോ അസത്യപരമായതോ, ശരിയല്ലാത്തതോ ആയ പ്രസ്താവനകൾ നടത്തിയിട്ടുണ്ടെങ്കിൽ, അല്ലെങ്കിൽ അവ വസ്തുതാപരമായ തെളിവുകളില്ലാത്തതാണെങ്കിലോ, ആ പോളിസി കരാർ റദ്ദാകുന്നു. ഇതിനർത്ഥം പോളിസിയിലെ എല്ലാ ആനുകൂല്യങ്ങളും നഷ്ടമാവുകയും അടച്ചതുക മുഴുവൻ നഷ്ടപ്പെടുകയും ചെയ്യും എന്നാണ്.

ബോധവാനായിരിക്കുക

എബി ഇനിഷ്യോ എന്ന ലാറ്റിന് വാക്കിന്റെ അർത്ഥം 'ആദ്യം മുതൽ' എന്നാണ്. ഒരു പോളിസി കരാർ റദ്ദാക്കി *എബി ഇനിഷ്യോ* എന്ന് പറഞ്ഞാൽ, കരാർ നിയമാനുസൃതമല്ലാത്തതിനാല് ആരംഭം മുതലേ റദ്ദാക്കപ്പെട്ടിരിക്കുന്നു എന്നാണ്, അതിനാൽ ഇൻഷുറർക്ക് ക്ലെയിം നൽകേണ്ടതില്ല.

എന്നിരുന്നാലും, ഈ പിഴ **1938 ലെ ഇൻഷുറൻസ് നിയമ**ത്തിലെ 45 ആം വകുപ്പ് പ്രകാരമാണ്. ഈ വിഭാഗത്തിൽ, രണ്ട് വർഷം നിലനിന്നിരുന്ന ഒരു പോളിസി റദ്ദാക്കാനാകില്ല എന്നതാണ് പറയുന്നത്. ഇത് തെറ്റായ പ്രസ്താവനകൾ, രേഖകൾ, മറ്റ് പ്രമാണങ്ങൾ എന്നിവയെല്ലാം നടത്തിയാലും റദ്ദാക്കപ്പെടുകയില്ല, വഞ്ചനാപരമായി എന്തെങ്കിലും നടന്നിട്ടുണ്ട് എന്ന് തെളിയുന്നതുവരെ. പ്രസ്താവിച്ചിട്ടുള്ള കാര്യങ്ങളില് നേരിയ വ്യത്യാസമുണ്ടായതിന്റെ പേരില് കരാര് റദ്ദായിപ്പോകാതിരിക്കാനാണ് ഇത് നിലവിലുള്ളത്.

വിഭാഗം 45

രണ്ട് വർഷം പൂർത്തിയായ പോളിസികളൊന്നും തന്നെ ഇൻഷുറർക്ക് മെൽപറഞ്ഞ കാര്യവുമായി ബന്ധപ്പെട്ട് പരിശോധിക്കാനോ റദ്ദാക്കനോ സാധിക്കില്ല. പ്രൊപ്പോസൽ വിവരങ്ങൾ, മെഡിക്കല് ഓഫീസറുടെ ഒരു റിപ്പോർട്ട്, പരാമർശിതനായ വ്യക്തി, ഇൻഷെവർഡിന്റെ കൂട്ടുകാരന്, അല്ലെങ്കിൽ പോളിസിയിലേയ്ക്ക് നയിക്കുന്ന പ്രമാണങ്ങള് എന്നിവയില് വരുന്ന പിശകുകൾ വഞ്ചനാപരമായ മുൻതീരുമാനങ്ങളോടെ നടത്തിയതാണ് എന്ന് തെളിയിക്കാതെ റദ്ദാക്കാന് സാധിക്കില്ല.

പ്രധാന കാര്യങ്ങൾ
സാധുവായ ഒരു ക്ലെയിമിനുവേണ്ട ആവശ്യകതകൾ
ഇൻഷുററ് കരാറില് വാഗ്ദാനം ചെയ്തിട്ടുള്ള കാര്യം ആവശ്യപ്പെടുകയാണ് ഒരു ക്ലെയിം ചെയ്യുന്നത്.
ഒരു മെച്യൂരിറ്റി ക്ലെയിം എന്നാൽ സം ഇൻഷേർഡ് അധികം

ഏതെങ്കിലും ആർജ്ജിത ബോണസ്സുകള് എന്നതാണ്. ഇത് ഇൻഷ്വേർഡിനോ അല്ലെങ്കില് നിർദ്ദേശകനോ നൽകുന്നു (നിർദ്ദേശം മറ്റൊരു വ്യക്തിയുടെ ജീവിതം, പറച്ചിൽ, പ്രധാനപ്പെട്ട ഇൻഷുറൻസ്, പങ്കാളിത്ത ഇൻഷുറൻസ് മുതലായവ) അല്ലെങ്കിൽ അസൈനിയ്ക്ക് പോളിസി മൂല്യവത്തായി കണക്കാക്കുകയാണെങ്കില്, മെച്യൂരിറ്റി പ്ലാനിന്റെ അവസാനം, അവർ പ്ലാന് കാലാവധി മുഴുവന് ജീവിക്കുകയാണെങ്കിൽ. ഒരു കാലികമായതോ അല്ലെങ്കിൽ അവസാന അധിക ബോണസ്സോ നൽകുന്നതാണ്.
മണി ബാക്ക് പോളിസികളില്, ഇൻഷുറൻസ് കമ്പനി പ്രത്യേക പേയ്മെന്റുകള് പോളിസി ഉടമയ്ക്ക് പോളിസി കാലാവധിയില് ചില നിശ്ചിത സമയങ്ങളിൽ നൽകുന്നു. ഈ പേയ്മെന്റുകളാണ് അതിജീവന ആനുകൂല്യങ്ങൾ എന്നറിയപ്പെടുന്നത്.
പ്ലാന് കാലാവധിയില് മരണ ക്ലെയിമുണ്ടാകുമ്പോള് സം ഇൻഷ്വേർഡ്, നോമിനിയ്ക്കോ/ബെനിഫിഷ്യറിയ്ക്കോ നൽകും. ഇതാണ് മരണ ക്ലെയിം എന്നറിയപ്പെടുന്നത്.
ഒരു ക്ലെയിം അസാധുവാകുന്നതെന്തുകൊണ്ട്
ഇൻഷുറര് ക്ലെയിം നൽകാന് വിസമ്മതിച്ചേക്കാം കാരണം: പോളിസി നിലവിലില്ല; ഒഴിവാക്കിയ വ്യവസ്ഥകൾ ബാധകമാണ്; അല്ലെങ്കിൽ ക്ലെയിം വഞ്ചനാപരമാണ്.
പ്രാമാണീകരണ ഉപദേശം നഷ്ടമായതിനുശേഷമുള്ള കടമകൾ
ഇൻഷുറൻസ് പോളിസി അവകാശമുന്നയിക്കുന്ന ആളുടെ ക്ലെയിമിനെ സാധൂകരിക്കും വിധത്തിൽ മരണം അറിയിക്കുന്നതിനൊപ്പം പ്രാഥമിക പ്രമാണങ്ങളും സമർപ്പിക്കണം.
ഒരു ലൈഫ് ഇൻഷുറൻസ് പോളിസിയില് ക്ലെയിം സ്വീകരിക്കുന്നതിനുമുമ്പ്, ക്ലെയിം വൈകാതെ പ്രക്രിയപ്പെടുത്തും. എന്തെങ്കിലും സംശയങ്ങളോ അധിക പ്രമാണങ്ങളുടെ ആവശ്യങ്ങളോ പറ്റാവുന്നതുവരെ ഉന്നയിക്കപ്പെടും.
ക്ലെയിമുകൾ തീർപ്പാക്കുക
മെച്യൂരിറ്റി ക്ലെയിമുകളിൽ കൈക്കൊള്ളുന്ന നടപടികള് സാധാരണയായി ഇൻഷുറൻസ് തീയതിയ്ക്ക് മുമ്പേ കമ്പനി തന്നെയാണ് മുൻകൈ എടുക്കാറുള്ളത്..
ആബ്സല്യൂട്ട് അസൈൻമെന്റിന്റെ കാര്യമുണ്ടാകുമ്പോൾ, അസൈനിയ്ക്ക് ക്ലെയിം തുക നൽകും.
അതിജീവന ആനുകൂല്യ പേയ്മെന്റുകൾ നടത്തുന്ന കാര്യം വരുമ്പോൾ, നടപടി ആരംഭിക്കുക ഇൻഷുറര് ആയിരിക്കും മാത്രമല്ല പിന്നീട് തീയതി വെച്ചിട്ടുള്ള ചെക്കുകള് മുൻകൂട്ടി അയയ്ക്കും.
ഐആർഡിഎ (പോളിസി ഉടമകളുടെ താൽപര്യ സംരക്ഷണാർത്ഥം) നിയമം 2002 പ്രകാരം ക്ലെയിമുകള് തീർപ്പാക്കേണ്ടതെങ്ങനെ എന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങള് സൃഷ്ടിച്ചിരിക്കുന്നു.
വഞ്ചനാപരമായ ക്ലെയിമുകൾ
ഇൻഷുറൻസ് വഞ്ചന എന്നത് മനഃപൂർവ്വം നടത്തുന്ന സാമ്പത്തിക ലാഭം ലക്ഷ്യം വെച്ചുകൊണ്ടുള്ളതാണ്.

വഞ്ചന തിരിച്ചറിയാതിരിക്കുകയും തുക നൽകുകയും ചെയ്തുകഴിഞ്ഞാൽ, ഇൻഷുററർക്ക്, ഇൻഷേ്വർഡിന് ഒക്കെ നേരിട്ടുള്ള അനന്തരഫലങ്ങളുണ്ട്.
റദ്ദായതും റദ്ദാകാവുന്നതുമായ കരാറുകൾ
റദ്ദായ കരാറിന് രണ്ട് കക്ഷികൾക്കുമിടയില് യാതൊരു ബന്ധവും സ്ഥാപിക്കാൻ കഴിയില്ല.
ഒരു പോളിസി റദ്ദാകാൻ താഴെപ്പറയുന്ന കാരണങ്ങളാകാം: പിശക്; ഇല്ലെജിറ്റമേറ്റ്/നിയമരഹിതമായ സാഹചര്യങ്ങൾ; കൂടാതെ ഇൻഷൂറബിള് അഭിരുചിയുടെ അഭാവം.
റദ്ദാക്കപ്പെടാവുന്ന കരാർ ഏതെങ്കിലും ഒരു കക്ഷി തീരുമാനിക്കുന്നതുവരെ മാറ്റി നിർത്തപ്പെടും.
ഈ പിഴ 1938 ലെ ഇൻഷുറൻസ് നിയമത്തിലെ 45 ആം വകുപ്പ് പ്രകാരമാണ്. ഈ വിഭാഗത്തിൽ, രണ്ട് വർഷം നിലനിന്നിരുന്ന ഒരു പോളിസി റദ്ദാക്കാനാകില്ല എന്നതാണ് പറയുന്നത്. ഇത് തെറ്റായ പ്രസ്താവനകൾ, രേഖകൾ, മറ്റ് പ്രമാണങ്ങൾ എന്നിവയെല്ലാം നടത്തിയാലും റദ്ദാക്കപ്പെടുകയില്ല, വഞ്ചനാപരമായി എന്തെങ്കിലും നടന്നിട്ടുണ്ട് എന്ന് തെളിയുന്നതുവരെ.

ചോദ്യോത്തരങ്ങൾ
11.1 ക്ലെയിമുകൾ പ്രധാനമായും മൂന്ന് തരത്തിലാകാം: * മെച്യൂരിറ്റി ക്ലെയിമുകൾ; * മരണ ക്ലെയിമുകൾ; * റൈഡർ ആനുകൂല്യങ്ങള്.
11.2 മരണ ക്ലെയിമിനെ പിന്തുണയ്ക്കാനാവശ്യമായ പ്രമാണങ്ങൾ: * പോളിസി പ്രമാണം. * അസൈൻമെന്റുകളുടെയും/റീയസൈൻമെന്റുകളുടെയും ഡീഡുകള്. * പ്രായം ഇതിനകം തെളിയിച്ചിട്ടില്ലെങ്കിൽ, പ്രായം തെളിയിക്കുന്ന രേഖ. * മരണ സർട്ടിഫിക്കറ്റ് (മരണത്തിന്റെ തെളിവ്). * അവകാശവാദിയുടെ പ്രസ്താവന. *പോളിസി അസൈൻ ചെയ്യുകയോ നാമനിർദ്ദേശം ചെയ്യുകയോ ഉണ്ടായിട്ടില്ലെങ്കിൽ ശീർഷകത്തിന്റെ നിയമപരമായ തെളിവ്. *ഇൻഷുറൻസ് കമ്പനി അയച്ച ഡിസ്ചാർജ് ഫോം, പൂർത്തിയാക്കി സാക്ഷ്യപ്പെടുത്തിയതിനുശേഷം ഇൻഷുറൻസ് കമ്പനിയ്ക്ക് മടക്കി നൽകേണ്ടതാണ്.
11.3 ഐആർഡിഎ മാർഗ്ഗനിർദ്ദേശപ്രകാരം, ഒരു ഇൻഷുറൻസ് കമ്പനി ഒരു

ക്ലെയിമിനെ സംബന്ധിച്ച അന്വേഷണം ക്ലെയിം ഉണ്ടായി ആറ് മാസത്തിലധികം നീട്ടിക്കൊണ്ടുപോകാൻ സാധിക്കില്ല
സ്വയം-പരീക്ഷാ ചോദ്യങ്ങൾ
1. സാധുവായ മരണ ക്ലെയിം ഉന്നയിക്കുന്നതിന് ആവശ്യമായതെന്തൊക്കെയാണ്?
2. ഇൻഷുറര് ക്ലെയിം നൽകാന് വിസമ്മതിക്കുന്ന സാഹചര്യങ്ങള് ഏതൊക്കെയാണ്?
3. ഒരു പോളിസി റദ്ദാക്കലുമായി ബന്ധപ്പെട്ട് എന്തെല്ലാം സാഹചര്യങ്ങളാണുണ്ടാവുക? 4. വഞ്ചനാപരമായ ക്ലെയിം നൽകുന്നതിന്റെ അനന്തരഫലങ്ങള് വ്യക്തമാക്കുക.

അടുത്ത പേജില് നിങ്ങൾക്ക് ഉത്തരങ്ങള് കണ്ടെത്താന് സാധിക്കും

സ്വയം-പരീക്ഷാ ചോദ്യങ്ങൾ
1. സാധുവായ മരണ ക്ലെയിം ഉന്നയിക്കുന്നതിന് ആവശ്യമായവ: * ഇൻഷ്വര് ചെയ്ത ഒരു സംഭവം നടന്നു; * ഇൻഷ്വേർഡ് ആയ സംഭവമുണ്ടാകുമ്പോള് പോളിസി നിലവിലുണ്ടായിരുന്നു; * അസൽ പോളിസി, പൂർത്തിയാക്കിയ ക്ലെയിം ഫോം, കൂടാതെ മരണ സർട്ടിഫിക്കറ്റ് എന്നിവയുൾപ്പെടെ ആവശ്യമായ എല്ലാ പ്രമാണങ്ങളും ലഭ്യമാക്കി; * പോളിസി ഉടമ പോളിസിയ്ക്ക് ആവശ്യമായ എല്ലാ വസ്തുതാപരമായ കാര്യങ്ങളും വെളിപ്പെടുത്തുകയും പ്രായം തെളിയിക്കുന്ന രേഖ സമർപ്പിക്കുകയും ചെയ്തു; * ക്ലെയിം തുകയ്ക്ക് അർഹനായ ഒരാളില് നിന്നാണ് ക്ലെയിം വന്നത്; കൂടാതെ * ആവശ്യമായ മറ്റെല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കിക്കഴിഞ്ഞു.
2. ഒരു ഇൻഷുറര് ക്ലെയിം നൽകാന് വിസമ്മതിക്കുന്ന സാഹചര്യങ്ങള് ഉണ്ടാകാം, കാരണം: • സംഭവം നടക്കുമ്പോൾ പോളിസി നിലവിലുണ്ടായിരുന്നില്ല; • നഷ്ടത്തിന് ഒഴിവാക്കിയ സാഹചര്യം ഉണ്ടായി; അല്ലെങ്കിൽ • ക്ലെയിം വഞ്ചനാപരമായിരുന്നു.
3. നിയമപരമായി ഒരുപാട് കാരണങ്ങളാല് ഒരു പോളിസി കരാര് അസാധുവാണെന്ന് വരാം: • **പിശക്:** കരാറിന്റെ അടിസ്ഥാനം മുതലുള്ള ഒരു പിശകുണ്ടെങ്കിൽ, മനസ്സുകൾ യോജിക്കുന്നില്ലെങ്കിൽ, സാധുവായ കരാർ

നിലനിൽക്കുന്നില്ല.
- **ഇല്ലെജിറ്റമേറ്റ്/നിയമരഹിതമായ സാഹചര്യങ്ങൾ**: നിയമരഹിതമായാണ് ഇൻഷുറൻസ് എടുത്തിട്ടുള്ളതെങ്കിൽ, അത് റദ്ദാക്കപ്പെടും.
- **ഇൻഷുറബിള് അഭിരുചിയുടെ അഭാവം**: ഒരു പോളിസിയുമായി ബന്ധപ്പെട്ട് ഇൻഷുറബിളായ യാതൊരു വിധ താൽപര്യവുമില്ലെങ്കില്, ഇത് റദ്ദാക്കപ്പെടും.

4. വഞ്ചന തിരിച്ചറിയാതിരിക്കുകയും തുക നൽകുകയും ചെയ്തുകഴിഞ്ഞാൽ, ഇൻഷുറർക്ക്, ഇൻഷേ്വർഡിന്, വഞ്ചകന് ഒക്കെ നേരിട്ടുള്ള അനന്തരഫലങ്ങളുണ്ട്.

- **ഇൻഷുറർക്ക് വഞ്ചനയുടെ ഫലമായി നേരിടേണ്ടിവരുന്ന അനന്തരഫലങ്ങൾ**

  വ്യക്തികളായിട്ടുള്ള ഇൻഷുറർമാർ വഞ്ചനയുടെ കണ്ടെത്തലും തടയലും യഥാവിധം നടത്താതിരുന്നാൽ അവരുടെ ലാഭത്തിന് അത് ഇടിവുണ്ടാക്കും. അവരുടെ ക്ലെയിം ചിലവുകൾ കൂടുകയും അത് പ്രീമിയമുകളെ ബാധിക്കുകയും ചെയ്യും, മാത്രമല്ല വിപണിയിൽ അതിൻറെ വിലയും ഇടിയും. അതുകൂടാതെ, വഞ്ചകർക്കിടയിൽ ഈ വിവരം പരക്കുകയും അത്തരം മാർഗ്ഗങ്ങള് തുടർന്ന് പലരും തിരഞ്ഞെടുക്കുകയും ചെയ്യും.

  - **ഇൻഷേ്വർഡിന് വഞ്ചനയുടെ ഫലമായി നേരിടേണ്ടിവരുന്ന അനന്തരഫലങ്ങൾ**

    ഇതിന് കാരണം പ്രീമിയത്തിൽ വരുന്ന വർദ്ധനവ് പോളിസി ഉടമകളെ ബാധിക്കും എന്നതിനാലാണ്. ഇത് വഞ്ചന നടത്തിയവരെ മാത്രമല്ല ബാധിക്കുക. അപകടസാദ്ധ്യതയ്ക്കനുസരിച്ച് ഓരോ ഇൻഷേ്വർഡും പൂളിലേയ്ക്ക് കാര്യമായ പ്രീമിയം കൊണ്ടുവരുന്നു എന്ന കാര്യം ഓര്മ്മിക്കുക. ഇത് വഞ്ചനാപരമായ ക്ലെയിമുകൾ വഴി അലങ്കോലമാകുന്നു

- **വഞ്ചനയുടെ ഫലമായി വഞ്ചകൻ നേരിടേണ്ടിവരുന്ന അനന്തരഫലങ്ങൾ**

  വഞ്ചനയുടെ ഫലമായി വഞ്ചകൻ തുക കൈക്കലാക്കി എന്നത് ശരിയാണ്, ഈ പ്രക്രിയ തുടരാനുള്ള പ്രേരണ അയാൾക്കുണ്ടാകുന്നു